**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1982** **29-07-2021 - ൽ മറുപടിയ്ക്ക്**

**മാരക രോഗബാധിതരായ സഹകാരികൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മാരകരോഗം ബാധിച്ചിട്ടുള്ളവർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം; വിശദമാക്കാമോ? | (എ) | അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റി വയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ(ലിവർ സിറോസിസ്) ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ ഓപ്പൺ ഹാർട്ട് സർജറി) പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ, എച്ച്.ഐ.വി ബാധിതർ, അപകടത്തിൽ പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ച പോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ അംഗസമാശ്വാസനിധി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. ധനസഹായത്തിനു അപേക്ഷ സമർപ്പിക്കുന്ന വ്യക്തി ടി സംഘത്തിലെ എ ക്ലാസ്സ് അംഗമായിരിക്കണം. (വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.) |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## എ) ഫണ്ടിൽ നിന്നും ആനുകൂല്യത്തിന് അപേക്ഷിക്കുന്ന വിധം

മെമ്പർ റിലീഫ് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനായി അപേക്ഷകൻ താഴെ പറയുന്ന രേഖകൾ സഹിതം നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1. അപേക്ഷകൻ താമസിക്കുന്ന സ്ഥലത്തെ വില്ലേജ് ആഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്.
2. ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
3. അംഗങ്ങൾ സമർപ്പിക്കുന്ന ചികിത്സ രേഖകൾ(ചികിത്സ തേടിയ ആശുപത്രിയിലെ ഡിസ്ചാർജ് സമ്മറിയും അനുബന്ധ ചികിത്സ രേഖകളും) പരിശോധിച്ച് ആയതിന്റെ ആധികാരികത ഉറപ്പ് വരുത്തിയതിനുശേഷം സംഘം/ബാങ്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.
4. അവകാശിയാണെങ്കിൽ അവകാശ സർട്ടിഫിക്കറ്റിന്റെ പകർപ്പ്.

**ബി)** ധനസഹായം അനുവദിക്കുന്നതിലേയ്ക്കായി അപേക്ഷകൻ സമർപ്പിക്കേണ്ട (എ) പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള രേഖകൾ സംഘത്തിൽ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് (ഫോറം നമ്പർ 2) ചീഫ് എക്സിക്യൂട്ടീവ് നൽകേണ്ടതും, ഇപ്രകാരമുള്ള അപേക്ഷകൾ ഇതിനായുള്ള പ്രത്യേക രജിസ്റ്ററുകളിൽ സംഘം രേഖപ്പെടുത്തേണ്ടതുമാണ്.

**സി)** സംഘത്തിന് ലഭിക്കുന്ന അപേക്ഷകൾ, സംഘം ഭരണ സമിതി വിശദമായി പരിശോധിച്ചശേഷം അപേക്ഷയിലെ വിഷയങ്ങളിന്മേലും, രേഖകളിന്മേലുമുള്ള നിജസ്ഥിതി ബോധ്യപ്പെട്ട് എടുത്ത ഭരണ സമിതി തീരുമാനവും, അപേക്ഷകന്റെ സാമ്പത്തിക സ്ഥിതി, രോഗ വിവരം, എന്നിവ പരാമർശിച്ചുകൊണ്ട് സംഘത്തിന്റെ മുഖ്യകാര്യദർശിയുടെ സാക്ഷ്യപത്രവും സഹിതം അതാത് താലൂക്കിലെ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ന് (പ്രാഥമിക കാർഷിക വികസന ബാങ്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യൂവേഷൻ ആഫീസർ) സമർപ്പിക്കേണ്ടതാണ്.

**ഡി)** സംഘത്തിൽ നിന്നും അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) ന് ലഭിക്കുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്കുകളിലെ യൂണിറ്റ് ഇൻസ്പെക്ടർമാർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി 7 ദിവസത്തിനകം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) 7 ദിവസത്തിനകം ജില്ല ജോയിന്റ് രജിസ്ട്രാർ (ജനറൽ) ന് സമർപ്പിക്കേണ്ടതും, ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ സഹകരണ സംഘം രജിസ്ട്രാർക്ക് ഉപരിപത്രം സഹിതം നേരിട്ടോ രജിസ്റ്റേർഡ് തപാൽ മുഖേനയോ സമർപ്പിക്കേണ്ടതുമാണ്.

**ഇ)** അപ്രകാരം ലഭിക്കുന്ന അപേക്ഷ രജിസ്ട്രാർ ആഫീസിൽ പരിശോധന നടത്തി ഉന്നതതല കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്.

**എഫ്)** മേൽ പ്രകാരം ലഭിക്കുന്ന അപേക്ഷ ഉന്നതതല കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് അനുവദിച്ച ധനസഹായ തുകയുടെ ചെക്കും ഉത്തരവും ബന്ധപ്പെട്ട സംഘങ്ങൾക്ക് അയച്ചുകൊടുക്കുന്നതാണ്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അപേക്ഷകനും ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർക്ക് ജില്ല ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരവും നൽകുന്നതാണ്.

**ജി)** ഈ സ്കീം പ്രകാരം നൽകുന്ന പരമാവധി ധനസഹായം 50,000/- (അൻപതിനായിരം രൂപ മാത്രം) രൂപയായി നിജപ്പെടുത്തിയിരിക്കുന്നു.

**എച്ച്)** ചെക്ക് ലഭിക്കുന്ന മുറയ്ക്ക് സംഘം അപേക്ഷകന് ധനസഹായത്തുക നൽകേണ്ടതും, ധനസഹായം അനുവദിച്ച തുകയുടെ വിശദാംശം അടുത്തതായി കൂടുന്ന പൊതു യോഗത്തിന്റെ അറിവിലേയ്ക്കായി സമർപ്പിക്കേണ്ടതുമാണ്.

**ഐ)** മൂന്ന് ലക്ഷത്തിൽ കൂടുതൽ വാർഷിക വരുമാനമുള്ള അപേക്ഷകർക്കോ ആശ്രിതർക്കോ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയില്ല.

**ജെ)** ഈ സ്കീമിൽ നിന്നും ധനസഹായം നൽകുന്നത് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയ മായിട്ടായിരിക്കും. സ്കീമിൽ നിന്നും ധനസഹായം ലഭിക്കുന്നത് ഒരു അംഗത്തിന്റെ അവകാശമല്ല. ഒരിക്കൽ ആനുകൂല്യം ലഭിച്ച കുടുംബത്തിൽപ്പെട്ടവർക്ക് പിന്നീട് ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

വിവിധ വായ്പ സഹകരണ സംഘങ്ങളിൽ ( സംസ്ഥാന സഹകരണ ബാങ്ക്, ജില്ല സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, എംപ്ലോയിസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, മറ്റ് ഇതര വായ്പ സഹകരണ സംഘങ്ങൾ) നിന്നും നൽകി വരുന്ന കാർഷിക കാർഷികേതര ( സ്വർണ്ണ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ)വായ്പകൾ എടുത്തിനു ശേഷം മാരക രോഗം പിടിപ്പെടുന്ന അംഗങ്ങൾക്ക് വായ്പ മുതലിനത്തിൽ പരമാവധി 1,00,000/- രൂപ വരെ റിസ്ക് ഫണ്ട് പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്. ടി ആനുകൂല്യം ലഭിക്കുന്നതിലേയ്ക്കായി വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ട് വിഹിതം (ഏറ്റവും കുറഞ്ഞത് 100/- രൂപയും

പരമാവധി 1000/- രൂപയും) ഒടുക്കേണ്ടതാണ്. ടി ആനുകൂല്യം വായ്പ  തിരിച്ചടവിലേയ്ക്കായി മാത്രമാണ് അനുവദിക്കുന്നത്.

**സെക്ഷൻ ഓഫീസർ**